**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6311 — 08-11-2016-ൽ മറുപടി നൽകേണ്ടത്

**<u>മാധ്യമ ഉപദേഷ്ടാക്കൾ</u>**

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിക്ക് എത്ര മാധ്യമ ഉപദേഷ്ടാക്കളുണ്ട്, അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; | എ) | 09.06.2016 ലെ സ.ഉ(സാധാ) 3715/2016/ പൊഭവ നമ്പർ ഉത്തരവ് പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ മീഡിയ അഡ്വൈസർ ആയി ശ്രീ.ജോൺ ബ്രിട്ടാസിനെയും, 04.06.2016 ലെ സ.ഉ(സാധാ) നം. 3620/2016/പൊഭവ പ്രകാരം ശ്രീ.പ്രഭാകരവർമ്മയെ ബഹു.മുഖ്യമന്ത്രിയുടെ അഡ്വൈസർ (പ്രസ്സ്) ആയും നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ നിയമനം ഏത് തസ്തികയിലായിരുന്നു നടത്തിയതെന്നും അന്നത്തെ ശമ്പള സ്കെയിൽ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ; | ബി) & സി) | ശ്രീ.ജോൺബ്രിട്ടാസിന് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി തസ്തികയ്ക്ക് തുല്യമായ റാങ്കും സ്റ്റാറ്റസും ഉണ്ടായിരിക്കുമെന്നും അദ്ദേഹം സേവനം അനുഷ്ഠിക്കുന്നത് പ്രതിഫലം കൂടാതെ ആയിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>ശ്രീ.പ്രഭാകരവർമ്മയെ ₹ 77400-115200 എന്ന ശമ്പളസ്കെയിലിൽ നിയമിക്കുകയും പിന്നീട് അദ്ദേഹത്തിന്റെ പദവിയുടെ പ്രാധാന്യവും, ഉത്തരവാദിത്വവും, ജോലിഭാരവും കണക്കിലെടുത്ത് ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടു കൂടി 06.10.2016 ലെ സ.ഉ(സാധാ) 6381/16/പൊഭവ പ്രകാരം ₹ 93000-120000 ആയി ശമ്പളസ്കെയിൽ ഉയർത്തി നൽകിയിട്ടുണ്ട് |
| സി) | ഇതിലാർക്കെങ്കിലും ശമ്പളവർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഷ്കരിച്ച ശമ്പളസ്കെയിൽ എത്രയാണ്: നിയമനത്തിന് ശേഷം മൂന്നുമാസത്തിനുള്ളിൽ ശമ്പള വർദ്ധനവിനുള്ള കാരണം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ